പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*63

11.03.2015 -ലെ മറുപടിയ്ക്ക്

## തൊഴിൽ നിയമഭേദഗതി ബിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.എളമരം കരീം<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.സി.കൃഷ്ണൻ : | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള തൊഴിൽ നിയമഭേദഗതികളിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) നിയമഭേദഗതി സംബന്ധിച്ച വിഷയങ്ങൾ ഇതിനകം പരിശോധിച്ചിട്ടു ണ്ട്.<br>1. സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ഫയൽ ചെയ്യേണ്ട റിട്ടേണുകൾ എന്നിവ നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള 9 നിയമങ്ങൾക്ക് പുറമേ 7 നിയമങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2. 'സ്മോൾ എസ്റ്റാബ്ലിഷ്മെന്റ്' എന്ന നിർവ്വചനത്തിൽ 10 മുതൽ 19 വരെ തൊഴിലാളികൾ എന്നതിന് പകരം 10 മുതൽ 40 വരെ തൊഴിലാളികൾ എന്നും 'വെരിസ്മോൾ എസ്റ്റാബ്ലിഷ്മെന്റ്' എന്നത് ഒമ്പതോ അതിൽ താഴെയോ തൊഴിലാളികൾ എന്നും നിർവ്വചിച്ചിട്ടുണ്ട്.<br>3. സ്മോൾ എസ്റ്റാബ്ലിഷ്മെന്റ് എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടിട്ടുളള സ്ഥാപനങ്ങൾ നിലവിൽ സൂക്ഷിക്കേണ്ട 3 രജിസ്റ്ററുകൾക്ക് പകരം 2 രജിസ്റ്ററുകൾ എന്നും ശുപാർശ ചെയ്തിട്ടുണ്ട്.<br>4. രജിസ്റ്ററുകളും റിക്കോർഡുകളും ഇലക്ട്രോണിക് മാധ്യമത്തിൽ സൂക്ഷിക്കുന്നതിനും ആയത് ഇ-മെയിൽ ആയി സമർപ്പിക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ബി) നിർദ്ദിഷ്ട തൊഴിൽ നിയമഭേദഗതി ബിൽ പാർലമെന്റിൽ പാസ്സാക്കുന്നതിനു മുമ്പ് അതിലെ വ്യവസ്ഥകൾ പരിശോധിച്ച് അവയോടുള്ള സംസ്ഥാന നിലപാട് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ;<br><br>(സി) തൊഴിൽ നിയമഭേദഗതി ബിൽ നിയമമായാൽ തൊഴിൽ രംഗത്ത് ഏതെങ്കിലും തരത്തിലുള്ള പ്രത്യാഘാതം ഉണ്ടാകുമോ എന്ന് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ? | (ബി) & (സി)<br><br>സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |

Sreedas

സെക്ഷൻ ഓഫീസർ